# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3983 11/11/2019-ൽ മറുപടിയ്ക്ക്**

## ശിശുക്ഷേമ സമിതിയിലെ രാഷ്ട്രീയ നിയമനങ്ങൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.പി.ടി. തോമസ്<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, ടി.ജെ. വിനോദ്<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) ശിശുക്ഷേമ സമിതിയിലെ രാഷ്ട്രീയ നിയമനങ്ങൾ കാരണം പോക്സോ കേസുകൾ അട്ടിമറിക്കപ്പെടുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) 2015-ലെ ബാലനീതി നിയമത്തിലെ വ്യവസ്ഥയനുസരിച്ച് രൂപീകരിച്ച സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റി അംഗങ്ങളെ നിയമിക്കുന്നത്. |
| (ബി) വാളയാറിൽ രണ്ടു പെൺകുട്ടികൾ ക്രൂരപീഡനത്തിന് വിധേയമായതിനെ തുടർന്ന് ദുരൂഹസാഹചര്യത്തിൽ മരണമടഞ്ഞ കേസിൽ പാലക്കാട് ശിശുക്ഷേമ സമിതി അധ്യക്ഷൻ പ്രതിക്കുവേണ്ടി ഹാജരായിരുന്നു എന്നത് വസ്തുതയാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) ഇക്കാര്യത്തിൽ അന്വേഷണം നടന്നുവരുന്നു. അന്വേഷണം പൂർത്തിയായി അന്തിമ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ കൂടുതൽ വിവരങ്ങൾ നൽകാൻ കഴിയുകയുള്ളു. |
| (സി) പോക്സോ കേസുകളിൽ പ്രതികൾക്കുവേണ്ടി ഹാജരാകുന്ന അഭിഭാഷകരെ ശിശുക്ഷേമ സമിതി അധ്യക്ഷൻ സ്ഥാനത്തേക്ക് പരിഗണിക്കുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വെളിപ്പെടുത്തുമോ; | (സി) 2015-ലെ ബാലനീതി നിയമത്തിലെ വ്യവസ്ഥയനുസരിച്ച് രൂപീകരിച്ച സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റി അംഗങ്ങളെ നിയമിക്കുന്നത്. |
| (ഡി) ശിശുക്ഷേമ സമിതി അധ്യക്ഷ സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങളിൽ ഈ സർക്കാർ മാറ്റംവരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ഡി) ബാലനീതി നിയമം 2015 നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) കോൺസ്റ്റിറ്റ്യൂഷൻ ഓഫ് ചൈൽഡ് വെൽഫെയർ കമ്മിറ്റിസ് ആന്റ് ജുവനൈൽ ജസ്റ്റിസ് ബോർഡ് (കേരള) റൂൾസ് 2017 പുറപ്പെടുവിച്ചിരുന്നു. |

**സെക്ഷൻ ഓഫീസർ**